9981
16/5/18

കേരള സർക്കാർ

**സംഗ്രഹം**

വിജിലൻസ് വകുപ്പ് - വിജിലൻസ് & ആന്റി കറപ്ഷൻ ബ്യൂറോയിലെ അഡീഷണൽ ലീഗൽ അഡ്വൈസർ തസ്തികയിലിലേക്കുള്ള നിയമനം കേരള പബ്ലിക് സർവീസ് കമ്മീഷൻ മുഖേന നടത്തുന്നതിന് അനുമതി നൽകി - ഉത്തരവ് പുറപ്പെടുവിക്കുന്നു .

---

**വിജിലൻസ്(സി) വകുപ്പ്**

സ.ഉ (കൈ) നമ്പർ 9/2018/വിജി　　　　തീയതി, തിരുവനന്തപുരം 14.05.2018

---

പരാമർശം:- 1. 7.09.1962 ലെ സ.ഉ(കൈ) നമ്പർ 472/62 .
2. 15.01.2002 ലെ സ.ഉ(പി) നം.3/2002/വിജി
3. 27.05.2005 ലെ സ.ഉ(പി) നമ്പർ 28/2005/വിജി.
4. വിജിലൻസ് ആന്റ് ആന്റി കറപ്ഷൻ ബ്യൂറോ ഡയറക്ടറുടെ 28.06.2017 ലെ എ 3- 13272/17 നമ്പർ കത്ത്.
5. സർക്കാരിന്റെ 17.01.2018 ലെ സി1/39/17 നമ്പർ കത്ത്.
6. കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ സെക്രട്ടറിയുടെ 1.03.2018 ലെ എവി(2) 700/18/ഗ.വി നമ്പർ കത്ത്.

**ഉത്തരവ്**

വിജിലൻസ് ആന്റ് ആന്റി കറപ്ഷൻ ബ്യൂറോയിലെ നേരിട്ടുള്ള നിയമനം അനുവദിക്കുന്ന എല്ലാ തസ്തികകളുടെയും നിയമനം കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ മുഖേനയാണ് നടത്തുന്നത്. നിയമനങ്ങളിലെ സുതാര്യത ഉറപ്പുവരുത്താൻ നിയമനങ്ങൾ പി.എസ്.സിയ്ക്ക് വിടുക എന്ന സർക്കാർ നയത്തിന്റെ ഭാഗമായി വിജിലൻസ് ആന്റ് ആന്റി കറപ്ഷൻ ബ്യൂറോയിലെ അഡീഷണൽ ലീഗൽ അഡ്വൈസർമാരുടെ ഒഴിവുകളിൽ നിയമനം കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ മുഖേന നടത്തുന്നതിന് തത്ത്വത്തിൽ തീരുമാനിക്കുകയും ആയത് സംബന്ധിച്ച് കേരള പബ്ലിക് സർവ്വീസ് കമ്മീഷന്റെ അഭിപ്രായം പരാമർശം അഞ്ച് പ്രകാരം ആരായുകയും ചെയ്തിരുന്നു.

2. വിജിലൻസ് ആന്റ് ആന്റി കറപ്ഷൻ ബ്യൂറോയിലെ അഡീഷണൽ ലീഗൽ അഡ്വൈസർ തസ്തികയിലേക്കുള്ള നിയമനം പബ്ലിക് സർവ്വീസ് കമ്മീഷന്റെ ചുമതലയിൽ വിട്ടുകൊണ്ട് സർക്കാർ ഉത്തരവ് പുറപ്പെടുവിക്കുകയാണെങ്കിൽ കമ്മീഷൻ ഇക്കാര്യത്തിൽ തുടർ നടപടികൾ സ്വീകരിക്കുന്നതാണെന്നുള്ള വിവരം പരാമർശം ആറ് പ്രകാരം കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ അറിയിച്ചു.

3. ഈ സാഹചര്യത്തിൽ വിജിലൻസ് ആന്റ് ആന്റി കറപ്ഷൻ ബ്യൂറോയിലെ അഡീഷണൽ ലീഗൽ അഡ്വൈസർ തസ്തികയിലേക്കുള്ള നിയമനം കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ മുഖേന നടത്തുന്നതിന് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

**സുബ്രത ബിശ്വാസ്**

അഡീഷണൽ ചീഫ് സെക്രട്ടറി

സെക്രട്ടറി, കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ,തിരുവനന്തപുരം.
ഡയറക്ടർ, വിജിലൻസ് ആന്റ് ആന്റി കറപ്ഷൻ ബ്യൂറോ, തിരുവനന്തപുരം
പ്രിൻസിപ്പൽ അക്കൌണ്ടന്റ് ജനറൽ (ഓഡിറ്റ്) കേരള, തിരുവനന്തപുരം
പ്രിൻസിപ്പൽ അക്കൌണ്ടന്റ് ജനറൽ (എ&ഇ) കേരള, തിരുവനന്തപുരം
പൊതുഭരണ എസ്.സി വകുപ്പ്(9.5.2018 ലെ ഇനം നമ്പർ 2094 പ്രകാരം)

ഇൻഫർമേഷൻ ഓഫീസർ വെബ്&ന്യൂമീഡിയ, ഐ & പി.ആർ.ഡി, തിരുവനന്തപുരം
സ്റ്റോക്ക് ഫയൽ /ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ

രഹസ്യം

# കേരള സർക്കാർ

## മന്ത്രിസഭായോഗത്തിന്റെ നടപടിക്കുറിപ്പുകൾ

**തീയതി : 09-05-2018**

ഫയൽ നം.വിജി-സി1/39/2017/വിജി. ഇനം നം: 2094

വിഷയം : വിജിലൻസ് വകുപ്പ് - വിജിലൻസ് ആന്റ് ആന്റി കറപ്ഷൻ ബ്യൂറോയിൽ അഡീഷണൽ ലീഗൽ അഡ്വൈസറുടെ നിയമനം പബ്ലിക് സർവീസ് കമ്മീഷൻ മുഖേന നടത്തുന്നത്.

തീരുമാനം : കുറിപ്പിലെ നിർദ്ദേശം അംഗീകരിച്ചു.

(ഒപ്പ്)
പിണറായി വിജയൻ
മുഖ്യമന്ത്രി

(ശരിപ്പകർപ്പ്)

പോൾ ആന്റണി
ചീഫ് സെക്രട്ടറി

അഡീഷണൽ ചീഫ് സെക്രട്ടറി, ആഭ്യന്തര-വിജിലൻസ് വകുപ്പ്.

10/5/18

10/5/18

## കേരള സർക്കാർ
## (ശ്രീ. പിണറായി വിജയൻ മന്ത്രിസഭ)
## മന്ത്രിസഭാ യോഗത്തിനുള്ള കുറിപ്പ്

| | | |
|---|---|---|
| 1. | ഫയൽ നമ്പർ | : വിജി - സി1/39/2017/വിജി |
| 2. | വകുപ്പ് | : വിജിലൻസ് (സി) വകുപ്പ് |
| 3. | വിഷയം | : വിജിലൻസ് വകുപ്പ്- വിജിലൻസ് ആന്റ് ആന്റി കറപ്ഷൻ ബ്യൂറോയിൽ അഡീഷണൽ ലീഗൽ അഡ്വൈസറുടെ നിയമനം പബ്ലിക് സർവ്വീസ് കമ്മീഷൻ മുഖേന നടത്തുന്നത് -സംബന്ധിച്ച്. |
| 4. | മന്ത്രിസഭായോഗത്തിൽ സമർപ്പിക്കാനുള്ള മുഖ്യമന്ത്രിയുടെ ഉത്തരവ് തീയതി | : 04.04.2018 |
| 5. | (i) ഇത് സാമ്പത്തിക ബാദ്ധ്യതയുള്ളതാണോ ? | : ഇല്ല |
| | (ii) സാമ്പത്തിക ബാദ്ധ്യതയുള്ളതാണെങ്കിൽ ധനകാര്യ വകുപ്പുമായി ആലോചിച്ചിട്ടുണ്ടോ? ഉണ്ടെങ്കിൽ അവരുടെ അഭിപ്രായം മന്ത്രിസഭാ യോഗത്തിനുള്ള കുറിപ്പിൽ ഉൾക്കൊള്ളിച്ചിട്ടുണ്ടോ ? | : ഇല്ല |
| 6. | മറ്റേതെങ്കിലും വകുപ്പുമായി ആലോചിച്ചിട്ടുണ്ടോ? ഉണ്ടെങ്കിൽ അവരുടെ അഭിപ്രായം മന്ത്രിസഭാ യോഗത്തിനുള്ള കുറിപ്പിൽ ഉൾക്കൊള്ളിച്ചിട്ടുണ്ടോ ? | : ഇല്ല |
| 7. | കുറിപ്പ് സമർപ്പിച്ച ജോയിന്റ് സെക്രട്ടറിയുടെ പേര് | : ശ്രീമതി.ലതാകുമാരി.എം.ബി |
| 8. | കുറിപ്പ് അംഗീകരിച്ച അഡീഷണൽ ചീഫ് സെക്രട്ടറിയുടെ പേര് . | : ശ്രീ.സുബ്രതാ ബിശ്വാസ് |
| 9. | മന്ത്രിസഭയ്ക്കുള്ള കരട് കുറിപ്പ് അഡീഷണൽ ചീഫ് സെക്രട്ടറി അംഗീകരിച്ച തീയതി | : 10.04.2018 |
| 10. | കരട് അംഗീകരിച്ച ചീഫ് സെക്രട്ടറിയുടെ പേര് | : ശ്രീ.പോൾ ആന്റണി |
| 11. | മന്ത്രിസഭയ്ക്കുള്ള കരട് കുറിപ്പ് ചീഫ് സെക്രട്ടറി അംഗീകരിച്ച തീയതി | : 12.04.2018 |
| 12. | കുറിപ്പ് അംഗീകരിച്ച മുഖ്യമന്ത്രിയുടെ പേര് | : ശ്രീ. പിണറായി വിജയൻ |
| 13. | മന്ത്രിസഭയ്ക്കുള്ള കരട് കുറിപ്പ് മുഖ്യമന്ത്രി അംഗീകരിച്ച തീയതി | : 13.04.2018 |
| 14. | കുറിപ്പിന്റെ പകർപ്പുകൾ സമർപ്പിച്ച തീയതി | : 14.04.2018 |
| 15. | മന്ത്രിസഭ യോഗം തീരുമാനമെടുത്ത തീയതി | : |
| 16 | തീരുമാനം പുറപ്പെടുവിച്ച സർക്കാർ ഉത്തരവ്/ കത്തിന്റെ നമ്പറും തീയതിയും | : |

# മന്ത്രിസഭായോഗത്തിനുള്ള കുറിപ്പ്

വിജിലൻസ് ആന്റ് ആന്റി കറപ്ഷൻ ബ്യൂറോയിലെ അഡീഷണൽ ലീഗൽ അഡ്വൈസറുടെ നിയമനം പബ്ലിക് സർവ്വീസ് കമ്മീഷന് മുഖേന നടത്തുന്നത് സംബന്ധിച്ചുള്ളതാണ് ഈ കുറിപ്പ്.

(2) വിജിലൻസ് ആന്റ് ആന്റി കറപ്ഷൻ ബ്യൂറോയിലെ അഡീഷണൽ ലീഗൽ അഡ്വൈസർ നിയമനം പ്രത്യേക ചട്ടപ്രകാരം സർക്കാർ നേരിട്ടാണ് നടത്തി വന്നിരുന്നത്.

(3) വിജിലൻസ് ആന്റ് ആന്റി കറപ്ഷൻ ബ്യൂറോയിലെ നേരിട്ടുള്ള നിയമനം അനുവദിക്കുന്ന എല്ലാ തസ്തികകളുടെയും നിയമനം കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ മുഖേനയാണ്. നിയമനങ്ങളിലെ സുതാര്യത ഉറപ്പുവരുത്താൻ നിയമനങ്ങൾ പി.എസ്.സിയ്ക്ക് വിടുക എന്ന സർക്കാർ നയത്തിന്റെ ഭാഗമായി വിജിലൻസ് ആന്റ് ആന്റി കറപ്ഷൻ ബ്യൂറോയിലെ അഡീഷണൽ ലീഗൽ അഡ്വൈസർമാരുടെ ഒഴിവുകളിൽ നിയമനം കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ മുഖേന നടത്തുന്നതിന് തത്വത്തിൽ തീരുമാനിക്കുകയും ആയത് സംബന്ധിച്ച് കേരള പബ്ലിക് സർവ്വീസ് കമ്മീഷന്റെ അഭിപ്രായം ആരായുകയും ചെയ്തിരുന്നു.

(4) വിജിലൻസ് ആന്റ് ആന്റി കറപ്ഷൻ ബ്യൂറോയിലെ അഡീഷണൽ ലീഗൽ അഡ്വൈസർ തസ്തികയിലേക്കുള്ള നിയമനം പബ്ലിക് സർവ്വീസ് കമ്മീഷന്റെ ചുമതലയിൽ വിട്ടുകൊണ്ട് സർക്കാർ ഉത്തരവ് പുറപ്പെടുവിക്കുകയാണെങ്കിൽ കമ്മീഷൻ ഇക്കാര്യത്തിൽ തുടർ നടപടികൾ സ്വീകരിക്കുന്നതാണെന്നുള്ള വിവരം കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ അറിയിക്കുകയും ചെയ്തിട്ടുണ്ട്.

(5) ഇക്കാര്യം മന്ത്രിസഭയുടെ പരിഗണനയ്ക്ക് സമർപ്പിക്കുവാൻ ബഹുമാനപ്പെട്ട മുഖ്യമന്ത്രി ഉത്തരവായിട്ടുണ്ട്.

## തീരുമാനിക്കേണ്ട വിഷയം

വിജിലൻസ് ആന്റ് ആന്റി കറപ്ഷൻ ബ്യൂറോയിലെ അഡീഷണൽ ലീഗൽ അഡ്വൈസറുടെ നിയമനം പബ്ലിക് സർവ്വീസ് കമ്മീഷൻ മുഖേന നടത്തുന്നതിന് ഉത്തരവ് പുറപ്പെടുവിക്കാവുന്നതാണോ?